# 3 ഭൂമിദാനവും ഇന്ത്യൻ സമൂഹവും

വകാടക മഹാരാജാവ് ശ്രീ വിന്ധ്യശക്തി രണ്ടാമന്റെ കല്പനപ്രകാരം...

വിജയവും ദീർഘായുസ്സും ഇഹ-പരലോകങ്ങളിൽ ക്ഷേമസമാധാനങ്ങളും കൈവരുന്നതിനായി ഈ ഗ്രാമത്തിന്റെ പകുതി നാം ബ്രാഹ്മണർക്ക് ദാനമായി നൽകുന്നു. ചതുർവേദങ്ങളാലും മുൻരാജാക്കന്മാരാലും അംഗീകരിക്കപ്പെട്ട ആചാരപ്രകാരമുള്ള ഒഴിവുകൾ ഈ ഭൂമിദാനത്തിനും ബാധകമായിരിക്കുന്നതാണ്. അവ: ഇതരപ്രദേശങ്ങൾ പോലെയല്ല ഇവിടെ ഭരണം. ഉപ്പും മദ്യവും ഊറ്റിയെടുക്കരുത്. രാജകീയ ഖജനാവിലേക്ക് പണമോ ഭക്ഷ്യധാന്യങ്ങളോ ഒടുക്കേണ്ടതില്ല. രാജാവിനായി പൂക്കളോ പാലോ നൽകേണ്ടതില്ല. ഉദ്യോഗസ്ഥർക്ക് പശുവിനെയോ കാളയെയോ നൽകേണ്ട. രാഷ്ട്രത്തിന് സേവനങ്ങൾ നൽകേണ്ട. കുതിരച്ചമയങ്ങളോ കരിയോ നൽകാൻ ബാധ്യതയില്ല, നിയമപാലകർ ഇവിടെ പ്രവേശിക്കരുത്. യാത്രയിലായിരിക്കുന്ന ഉദ്യോഗസ്ഥർക്ക് കട്ടിലും അടുപ്പും മറ്റും നൽകേണ്ട. രാജാവിന് നികുതി അടക്കേണ്ടതില്ല. ചരക്ക് കടത്താൻ പണമൊടുക്കേണ്ട. ഭൂഗർഭനിധിനിക്ഷേപങ്ങളുടെമേൽ അവകാശമുണ്ടായിരിക്കും. ഭൂമി വേലികെട്ടിത്തിരിക്കാനും മണ്ണുയർത്താനും വലിയ ഉപകരണങ്ങൾ ഉപയോഗിക്കാനും അവകാശമുണ്ടായിരിക്കും... ഇതിന് തടസ്സമാകുകയോ തടസ്സഹേതുവാകുകയോ ചെയ്യുന്നവരെ നാം പരാതിപ്രകാരം ശിക്ഷിക്കുന്നതാണ്.

*Cdr Alok Mohan, *Ancient Indian Inscriptions,* Vol 3, 1967, pp-122-124


വകാടക രാജാവായിരുന്ന വിന്ധ്യശക്തി രണ്ടാമൻ (355-400 സി.ഇ.) പുറപ്പെടുവിച്ച ഒരുത്തരവാണിത്. രാജാവിന്റെ കൈവശമുള്ളതിൽ കുറച്ചുഭൂമി പ്രത്യേക അവകാശങ്ങളോടെ ബ്രാഹ്മണർക്കു കൈമാറുന്നതു സംബന്ധിച്ചാണ് ഈ ഉത്തരവിൽ പരാമർശിക്കുന്നത്. ഇത് 'ഭൂമിദാനം' എന്നറിയപ്പെടുന്നു.

- രാജാവ് ഭൂമിദാനം നൽകുന്നതിന്റെ ലക്ഷ്യം എന്താണ്?
- ഭൂമിദാനങ്ങൾ ആരംഭിച്ചതെന്ന്? എന്തുകൊണ്ട്?
- ഇത്തരം ദാനങ്ങൾ സാധാരണമായിരുന്നോ?

ബുദ്ധകൃതികളിൽ ഭൂമിദാനത്തെക്കുറിച്ചുള്ള സൂചനകൾ കാണാം. എന്നാൽ അത് വ്യാപകമായതും ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ചതും മൗര്യന്മാർക്കു ശേഷമാണ്.

ST-203-4-SOC. SCI-I (M)-9-VOL-1

മൗര്യരാജ്യത്തിന്റെ തകർച്ചക്കുശേഷം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിരവധി രാജവംശങ്ങൾ അധികാരത്തിൽവന്നു. നൽകിയിരിക്കുന്ന ഭൂപടത്തിൽ നിന്നും അവ ഏതൊക്കെയെന്ന് കണ്ടെത്തി രേഖപ്പെടുത്തുക.




- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................
- ..............................

## ഭൂമിദാനം (Land Grants)

ഇവരിൽ ഡക്കാൻ കേന്ദ്രീകരിച്ച് ഭരണംനടത്തിയ ശതവാഹന രാജാക്കന്മാർ അന്നത്തെ സാമൂഹികഘടനയിൽ മുന്നിൽ നിന്നിരുന്ന ബ്രാഹ്മണരെ പ്രീതിപ്പെടുത്താനായി അവർക്ക് ഭൂമി ദാനം നൽകുന്ന വ്യവസ്ഥയ്ക്ക് തുടക്കംകുറിച്ചു. സി. ഇ. നാലാം നൂറ്റാണ്ടോടുകൂടി പാടലീപുത്രം കേന്ദ്രമാക്കി അധികാരത്തിൽ വന്ന ഗുപ്തരാജാക്കന്മാരുടെ കീഴിൽ ഈ വ്യവസ്ഥ വിപുലമാക്കപ്പെട്ടു.

### ഗുപ്ത രാജാക്കന്മാർ

ഗുപ്തരാജ്യത്തിന്റെ സ്ഥാപകൻ ശ്രീഗുപ്തൻ ആയിരുന്നു. മറ്റു പ്രധാന രാജാക്കന്മാരായിരുന്നു:

- ചന്ദ്രഗുപ്തൻ ഒന്നാമൻ
- സമുദ്രഗുപ്തൻ
- ചന്ദ്രഗുപ്തൻ രണ്ടാമൻ
- കുമാരഗുപ്തൻ ഒന്നാമൻ
- സ്കന്ദഗുപ്തൻ

ഭൂമിദാനത്തിലെ വ്യത്യാസം

ശതവാഹനന്മാർ → ഭൂമിയിലെ വിഭവങ്ങൾക്കുള്ള അവകാശം മാത്രം നൽകി

ഗുപ്തന്മാർ → ഭൂമിയിലെ വിഭവങ്ങളോടൊപ്പം അവിടെ വസിക്കുന്ന ജനങ്ങളുടെമേലുള്ള അധികാരങ്ങളും നൽകി

### ഗുപ്തകാലത്തിൽ ഭൂമിദാനപ്രക്രിയയിലൂടെ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

- ദാനംചെയ്യപ്പെട്ട ഭൂമിയിലെ രാജാവിന്റെ സ്വാധീനം കുറഞ്ഞു.
- ദാനംചെയ്യപ്പെടുന്ന ഭൂമിയിൽ നിന്നുള്ള നികുതി പിരിവിനും നീതിന്യായനിർവഹണത്തിനുമുള്ള അധികാരം ഭൂവുടമസ്ഥതക്കൊപ്പം കൈമാറ്റം ചെയ്യപ്പെട്ടു.
- ദാനമായി കിട്ടുന്ന ഭൂമി തങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് വീണ്ടും ദാനമായി നല്കാനുള്ള അവകാശവും ഭൂമി ദാനമായി കിട്ടിയവർക്ക് ലഭിച്ചു.
- ക്രമേണ രാജാവും പ്രഭുക്കളും തങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം പണമായി നല്കാതെ ഭൂമിദാനത്തിന്റെ രൂപത്തിൽ നൽകിത്തുടങ്ങി.
- രാജാവിൽനിന്ന് ഏറ്റവുമധികം ഭൂമി ലഭിച്ചത് ബ്രാഹ്മണർക്കാണെങ്കിലും ക്രമേണ മറ്റു വിഭാഗങ്ങൾക്കും ഭൂമിദാനം ലഭിച്ചുതുടങ്ങി.

ഇങ്ങനെ ഭൂമിദാനം വ്യാപകമായതോടെ സമൂഹത്തിൽ വലിയ സമ്പത്തും സ്വാധീനശേഷിയുമുള്ള ഭൂവുടമകളുടെ ശക്തമായ ഒരു വിഭാഗം രൂപംകൊണ്ടു. ഭൂമിയിൽ പണിയെടുക്കുന്ന അടിയാളർ അവകാശങ്ങളില്ലാത്തവരും ഭൂവുടമകളുടെ ആശ്രിതരുമായിത്തീർന്നു. ഈ വ്യവസ്ഥിതിയിൽ കർഷകരും കർഷകത്തൊഴിലാളികളും അടിമകളും ഭൂമിയിൽ ബന്ധിക്കപ്പെട്ട സ്ഥിതിയിലായിരുന്നു. അവർ ഒരേ മണ്ണിൽത്തന്നെ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തു. അവരുടെ ഉടമകൾക്കു വേണ്ടിയാണ് അവർ അധ്വാനിച്ചതും. സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ഇവർ മേലേത്തട്ടുകളിലുള്ളവർക്ക് നികുതിക്കു പുറമേ സൗജന്യസേവനങ്ങളും നൽകേണ്ടതുണ്ടായിരുന്നു. ഈ വ്യവസ്ഥിതിയെ 'സാമന്തവ്യവസ്ഥ'യെന്നും 'ഇന്ത്യൻ ഫ്യൂഡലിസം' എന്നും വിശേഷിപ്പിക്കുന്നു. ഇക്കാലത്ത് കാർഷികരംഗത്ത് പുരോഗതി പ്രകടമായിരുന്നു.


*കൃഷിയുടെ വ്യാപനത്തെ സഹായിച്ച ഘടകങ്ങൾ*

- കൃഷിക്കുപയോഗിക്കപ്പെടാതെ കിടന്ന പ്രദേശങ്ങൾപോലും കൃഷിക്കുപയുക്തമാക്കി
- പുതിയ സാമൂഹികവ്യവസ്ഥിതി കൃഷിക്കാവശ്യമായ തൊഴിൽശക്തി പ്രദാനം ചെയ്തു
- കൃഷിയുടെ സാങ്കേതികവിദ്യയെയും കാലാവസ്ഥയെയും സംബന്ധിച്ച് ബ്രാഹ്മണർക്ക് ഉണ്ടായിരുന്ന അറിവ്
- വിവിധതരത്തിലുള്ള ജലസേചനമാർഗങ്ങൾ

*കൃഷിയുടെ വ്യാപനത്തെ സഹായിച്ച ജലസേചന മാർഗങ്ങൾ ഏതൊക്കെയെന്ന് നോക്കാം.*



ഗുപ്തകാലത്ത് ഇന്ത്യയിൽ രൂപപ്പെട്ട സാമന്തവ്യവസ്ഥിതിയുടെ സവിശേഷതകൾ ചർച്ച ചെയ്യുക.



ഘടിയന്ത്രം (അരഘട്ട)

## കൈത്തൊഴിലും വ്യാപാരവും

ഭൂമിദാനത്തിന്റെ ഫലമായുണ്ടായ കൃഷിയുടെ വ്യാപനം കാർഷികേതരപ്രവർത്തനങ്ങളുടെ വികാസത്തിലേക്ക് നയിച്ചു. വിവിധതരം കൈത്തൊഴിലുകളെ ജനങ്ങൾ ജീവിതമാർഗമായി സ്വീകരിച്ചു. പുരാവസ്തുക്കളിൽ നിന്നും സാഹിത്യകൃതികളിൽ നിന്നും ഇക്കാലത്തെ കൈത്തൊഴിലുകളെക്കുറിച്ച് നമുക്ക് വിവരം ലഭിക്കുന്നുണ്ട്. ഉൽഖനനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള പുരാവസ്തുക്കളെക്കുറിച്ചുള്ള വിവരം ചുവടെ ചേർത്തിട്ടുണ്ട്. ഇതിൽ നിന്ന് അക്കാലത്ത് നിലനിന്നിരുന്ന കൈത്തൊഴിലുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തി പട്ടിക പൂർത്തിയാക്കൂ.

| കണ്ടെത്തിയ പുരാവസ്തുക്കൾ | കൈത്തൊഴിലുകൾ |
|---|---|
| • മൺപാത്രങ്ങൾ | • മൺപാത്രനിർമ്മാണം |
| • സ്വർണ്ണം, വെള്ളി, വിലപിടിപ്പുള്ള കല്ല് എന്നിവയിൽ തീർത്ത ആഭരണങ്ങൾ | • ................ |
| • മുത്തുകൾ | • ................ |
| • ചില്ലുകൊണ്ടുള്ള വസ്തുക്കൾ | • ................ |
| • പട്ട്, പരുത്തിവസ്ത്രങ്ങൾ | • ................ |
| • ആനക്കൊമ്പിൽ തീർത്ത ശില്പങ്ങൾ | • ................ |

വിവിധ കൈത്തൊഴിലുകളിൽ ഏർപ്പെട്ടവർ അവരുടെ കൂട്ടായ്മകൾ രൂപീകരിച്ചു. ഇവ 'ഗിൽഡുകൾ' അഥവാ 'ശ്രേണികൾ' എന്ന് അറിയപ്പെട്ടു. ഭരണകൂടം ശ്രേണികൾക്ക് അംഗീകാരം നല്കി. ശ്രേണികളിലെ അംഗങ്ങൾക്ക് അതിന്റെ നിയമങ്ങൾ പാലിക്കേണ്ടിയിരുന്നു.

### ശ്രേണികൾ

കൈത്തൊഴിലുകാരുടെയും കച്ചവടക്കാരുടെയും സംഘടനയായിരുന്നു ശ്രേണികൾ. അസംസ്കൃതവസ്തുക്കൾ ശേഖരിക്കുക, ഉൽപാദനത്തെ നിയന്ത്രിക്കുക, ഉൽപന്നങ്ങളെ വിപണിയിലെത്തിക്കുക എന്നിവയായിരുന്നു ഇവയുടെ ചുമതലകൾ.

## വ്യാപാരവും വാണിജ്യവും

ഗുപ്തകാലത്തിന്റെ തുടക്കത്തിൽ ആഭ്യന്തരവാണിജ്യം വളരെ വിപുലമായിരുന്നു. കൃഷിക്ക് പുറമെ വിവിധ കൈത്തൊഴിലുകളും കരകൗശല നിർമ്മാണവും നിലനിന്നിരുന്നതായി പട്ടികയിൽ നിന്ന് മനസ്സിലാക്കിയല്ലോ. കരകൗശല വിദഗ്ധർ നിർമ്മിച്ച ഇത്തരം ഉൽപന്നങ്ങൾ വ്യാപാരത്തിന്റെ മുഖ്യ ഇനങ്ങളായിരുന്നു. ഏറ്റവും വലിയ ആഭ്യന്തരവ്യാപാര വസ്തുക്കളിലൊന്നായിരുന്നു വസ്ത്രം. വിവിധ തരത്തിലുള്ള വസ്ത്രങ്ങൾ (മസ്‌ലിൻ, കാലികോ, ലിനൻ) വൻതോതിൽ നിർമ്മിച്ചിരുന്നു.

### നഗരത്താർ (നഗരശ്രേഷ്ഠിൻ)


നഗരങ്ങളിലെ സമ്പന്നരായ കച്ചവടക്കാരായ ഇവർ ഭരണത്തിലും പങ്കാളികളായിരുന്നു. കൂടാതെ വർത്തക സംഘങ്ങളിലെ പ്രമുഖരായിരുന്നു ഇക്കൂട്ടർ.

പശ്ചിമേഷ്യ, മധ്യേഷ്യ, ദക്ഷിണപൂർവേഷ്യ, റോം എന്നിവിടങ്ങളുമായി ഗുപ്തന്മാർക്ക് വിദേശ വ്യാപാരബന്ധം നിലനിന്നിരുന്നു. ഈ കാലഘട്ടത്തിൽ പുതിയ വ്യാപാരപാതകൾ വികസിച്ചുവന്നു. മികച്ച സ്വർണ്ണനാണയങ്ങളും വെള്ളി, ചെമ്പ് നാണയങ്ങളും പുറത്തിറക്കി. നഗരശ്രേഷ്ഠി, സാർഥവാഹ എന്നീ വ്യാപാര പ്രമുഖർക്ക് ഭരണത്തിൽ പങ്കാളിത്തമുണ്ടായിരുന്നു. വൈശാലി, പാടലീപുത്രം, കനൗജ്, ശ്രാവസ്തി, കൗസാംബി, ഉജ്ജയിനി, മഥുര മുതലായവ വ്യാപാരപ്രാധാന്യമുള്ള പട്ടണങ്ങളായിരുന്നു.



ഗുപ്തകാല നാണയങ്ങൾ (Gupta Coins)

ഗുപ്തകാലത്തെ ചില പ്രധാന നഗരങ്ങൾ




ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗുപ്തകാലത്തെ നഗരങ്ങൾ ഇന്നത്തെ ഏതൊക്കെ സംസ്ഥാനങ്ങളിലാണെന്ന് കണ്ടെത്തുക.

- ..........
- ..........
- ..........
- ..........
- ..........
- ..........
- ..........
- ..........

സി.ഇ. ആറാംനൂറ്റാണ്ടോടെ റോമാസാമ്രാജ്യം തകരുകയും ചൈനക്കാരിൽ നിന്നും പാശ്ചാത്യർ പട്ടുനിർമ്മാണവിദ്യ പഠിക്കുകയും ചെയ്തശേഷം, ഇന്ത്യയുടെ വിദേശ വാണിജ്യത്തിൽ വലിയ മാന്ദ്യം സംഭവിച്ചു. ഇത് ആഭ്യന്തര വാണിജ്യത്തെയും പ്രതികൂലമായി ബാധിച്ചു. കൈത്തൊഴിലുകാരും കരകൗശലവിദ്യക്കാരും കച്ചവടത്തിനായി രാജ്യത്തിന്റെ പലഭാഗങ്ങളിലേക്ക് നീങ്ങുന്നതിന് കുറവുവന്നു. അവർ ഗ്രാമങ്ങളിൽതന്നെ ഒതുങ്ങിജീവിക്കാൻ തുടങ്ങി. ഇത് കലകളുടെയും കൈത്തൊഴിലുകളുടെയും ഗ്രാമവൽക്കരണത്തിലേക്ക് നയിച്ചു. കച്ചവടത്തിന്റെ തകർച്ചയും കൈത്തൊഴിലുകളുടെ കുറവും ഗ്രാമവൽക്കരണവും പല പ്രധാന നഗരങ്ങളുടെയും തകർച്ചയ്ക്ക് കാരണമായി. കൗസാംബി, ഹസ്തിനപുരം, അഹിച്ഛത്രം, തക്ഷശില, അയോധ്യ, ഉജ്ജയിനി, മഥുര തുടങ്ങിയ നഗരങ്ങളുടെയെല്ലാം പ്രൗഢി നഷ്ടപ്പെട്ടു. സി.ഇ. അഞ്ചാം നൂറ്റാണ്ടിലെ ചൈനയിൽ നിന്നുള്ള സഞ്ചാരിയായിരുന്ന ഫാഹിയാന്റെ വിവരണങ്ങളിൽ വൻനഗരങ്ങളായി വിശേഷിപ്പിച്ച പല നഗരങ്ങളും, ഏഴാം നൂറ്റാണ്ടിലെ ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ്ങിന്റെ വിവരണങ്ങളിൽ ഗ്രാമങ്ങളായാണ് വിവരിക്കുന്നത്. അക്കാലത്തുണ്ടായ നഗരങ്ങളുടെ തകർച്ചയെ സൂചിപ്പിക്കുന്നതാണ് ഈ വിവരണം.

## സാമൂഹിക ജീവിതം

ഗുപ്തന്മാരുടെ കാലത്ത് രൂപംകൊണ്ട വിവിധ തൊഴിൽക്കൂട്ടങ്ങളെ (ശ്രേണികൾ) ക്കുറിച്ച് മുമ്പ് നമ്മൾ ചർച്ചചെയ്തുവല്ലോ. പുതിയ തൊഴിൽക്കൂട്ടങ്ങളുടെയും ജനവിഭാഗങ്ങളുടെയും കടന്നുവരവ് നിരവധി ഉപവിഭാഗങ്ങളുടെ രൂപീകരണത്തിന് കാരണമായി. നിലനിന്നിരുന്ന വർണ്ണവ്യവസ്ഥയ്ക്ക് പുതുതായി ഉയർന്നുവന്ന തൊഴിൽക്കൂട്ടങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെവന്നു. ഈ സാഹചര്യത്തിൽ ഓരോ തൊഴിൽക്കൂട്ടവും പുതിയജാതികളും ഉപജാതികളുമായിത്തീർന്നു. വ്യത്യസ്ത തൊഴിൽക്കൂട്ടങ്ങൾക്കുപുറമെ അന്യദേശങ്ങളിൽ നിന്ന് എത്തിച്ചേർന്നവർ, വനങ്ങളിൽ വസിച്ചിരുന്നവർ (നിഷാദർ), വ്യത്യസ്ത ജാതിയിൽപ്പെട്ടവർ തമ്മിലുള്ള വിവാഹത്തിലൂടെ ജനിക്കുന്നവർ, എന്നിവരെല്ലാം പുതിയ പുതിയ ജാതികളായിത്തീർന്നു. അങ്ങനെ ജാതിവ്യവസ്ഥ കൂടുതൽ സങ്കീർണ്ണമായി മാറി.

ഇപ്രകാരം രൂപപ്പെട്ട വ്യവസ്ഥയിൽ, ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവർക്ക് സമൂഹം കല്പിച്ചിരുന്ന സ്ഥാനമാനങ്ങൾക്ക് മാറ്റംവന്നില്ല. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഹുയാൻസാങ് ശൂദ്രരെ കൃഷിക്കാർ എന്ന് വിശേഷിപ്പിക്കുന്നു. ഈ വിവരണങ്ങൾ കാർഷിക സമൂഹത്തിൽ ശൂദ്രരുടെ അവസ്ഥയെ സൂചിപ്പിക്കുന്നതാണ്.

ചാതുർവർണ്യ വ്യവസ്ഥയ്ക്ക് പുറത്തായിരുന്ന 'അന്ത്യജർ' എന്ന വിഭാഗത്തെ തൊട്ടുകൂടാത്തവരായി കണക്കാക്കി. അന്ത്യജരിൽ ഏറ്റവും താഴെയായി കണക്കാക്കപ്പെട്ടത് 'ചണ്ഡാലർ' എന്ന ശ്മശാനപാലകരും 'ചർമ്മകാരർ' എന്ന തോൽ ഊറയ്ക്കിടുന്ന വിഭാഗങ്ങളുമായിരുന്നു.

## സ്ത്രീകളുടെ പദവി

വകാടക റാണിയായിരുന്ന പ്രഭാവതിഗുപ്തയെപ്പോലെ ചില രാജ്ഞിമാർ ആദരിക്കപ്പെട്ടിരുന്നെങ്കിലും പൊതുവേ സ്ത്രീകളുടെ നില വളരെ താഴ്ന്നതായിരുന്നു. രാജ്ഞി മുതൽ താഴോട്ട് എല്ലാ വിഭാഗം സ്ത്രീകളും പുരുഷന്മാർക്ക് വിധേയരായിരിക്കണം എന്നു കരുതപ്പെട്ടിരുന്നു. ഉന്നത വിഭാഗങ്ങളിലെ സ്ത്രീക്ക് പോലും പൊതുവേ, സമൂഹത്തിൽ ഉയർന്ന പദവിയോ പരിഗണനയോ ലഭിച്ചിരുന്നില്ല. ഒരു ബ്രാഹ്മണ സ്ത്രീക്കുപോലും ഭൂമിദാനം ചെയ്യപ്പെട്ടതായി തെളിവില്ല.

### അനുലോമ, പ്രതിലോമ വിവാഹങ്ങൾ

വിവിധ ജാതികളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹങ്ങളെക്കുറിച്ച് അർഥശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു. ഉയർന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ പുരുഷനും താഴ്ന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ സ്ത്രീയും തമ്മിലുള്ള വിവാഹം അനുലോമ വിവാഹം എന്നറിയപ്പെടുന്നു.

ഉയർന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ സ്ത്രീയും താഴ്ന്നതായി കണക്കാക്കപ്പെടുന്ന ജാതിയിലെ പുരുഷനും തമ്മിലുള്ള വിവാഹം പ്രതിലോമ വിവാഹം എന്നറിയപ്പെടുന്നു.

### ചണ്ഡാലർ ഫാഹിയാന്റെ വിവരണങ്ങളിൽ

ചന്ദ്രഗുപ്തൻ രണ്ടാമന്റെ ഭരണകാലത്ത് (സി.ഇ. അഞ്ചാം നൂറ്റാണ്ട്) ഇന്ത്യ സന്ദർശിച്ച ചൈനയിൽ നിന്നുള്ള ബുദ്ധമതസഞ്ചാരിയായ ഫാഹിയാൻ ചണ്ഡാലന്മാരെക്കുറിച്ച് ഇങ്ങനെ പറയുന്നു. "നഗരത്തിലേക്കോ കമ്പോളത്തിലേക്കോ പ്രവേശിക്കുന്ന ചണ്ഡാലർ ഒരു മരപ്പലകയിൽ അടിച്ച് ശബ്ദമുണ്ടാക്കണമായിരുന്നു. ഇവരുടെ വരവ് മുൻകൂട്ടി മനസ്സിലാക്കി, മേൽജാതിക്കാർക്ക് മാറിനിൽക്കാൻ വേണ്ടിയായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്."

## രാഷ്ട്രം: കേന്ദ്ര അധികാരവും പ്രാദേശികാധികാരവും



*"കുബേരനും വരുണനും ഇന്ദ്രനും അന്തകനും സമനായവനും തനിക്കുപോന്ന ഒരെതിരാളിയും ഭൂമുഖത്തില്ലാത്തവനും...*

ഗുപ്തകാലത്തെ ഏറ്റവും ശക്തനായ ഭരണാധികാരിയായിരുന്ന സമുദ്രഗുപ്തനെപ്പറ്റിയുള്ള അലഹബാദിൽ സ്ഥിതിചെയ്യുന്ന പ്രയാഗ പ്രശസ്തിയിൽ നിന്നുള്ള വരികളാണിത്.

ഗുപ്തകാലഘട്ടത്തിലെ രാജാവിന്റെ അധികാരത്തെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങൾ ഇതിൽ നിന്ന് ലഭിക്കും?

- രാജാവിനെ ദൈവസമാനനായി കണക്കാക്കി
- 

### ഗുപ്തകാലത്തെ ഗ്രാമഭരണം

ഗുപ്തകാലത്തെ ഗ്രാമഭരണം നടത്തിയിരുന്നത് 'ഗ്രാമപതി' അഥവാ 'ഗ്രാമാധ്യക്ഷൻ' ആയിരുന്നു. 'ഗ്രാമവൃദ്ധർ' എന്നറിയപ്പെട്ടിരുന്ന ഗ്രാമമുഖ്യരുടെ സംഘമാണ് ഗ്രാമത്തിലെ തർക്കങ്ങൾ തീർത്തിരുന്നത്. ഗ്രാമത്തിൽ പ്രധാന ജനവിഭാഗം കർഷകരായിരുന്നു. മരപ്പണിക്കാർ, നെയ്ത്തുകാർ, കാലിമേക്കുന്നവർ എന്നിവരും ഉണ്ടായിരുന്നു. ഇവരുടെ സംഘങ്ങൾക്കും ഗ്രാമഭരണത്തിൽ പ്രാതിനിധ്യം ഉണ്ടായിരുന്നു.

വിപുലമായ അധികാരമുണ്ടായിരുന്നവരാണ് ഗുപ്തരാജാക്കന്മാർ. അതോടൊപ്പം അവർക്ക് ചില ഉത്തരവാദിത്വങ്ങളും ഉണ്ടായിരുന്നു. അവ എന്തെല്ലാമെന്ന് നോക്കാം.

- ആക്രമണങ്ങളിൽ നിന്ന് പ്രജകളെ സംരക്ഷിക്കുക
- ബ്രാഹ്മണരെയും ശ്രമണരെയും (ബുദ്ധ-ജൈന വിഭാഗങ്ങൾ) അബലരെയും സംരക്ഷിക്കുക
- നീതിനിർവഹണം നടത്തുക

ഗുപ്തരാജാക്കന്മാർ കീഴടക്കിയ പ്രദേശങ്ങളിൽ അവിടത്തെ രാജാക്കന്മാരെ തങ്ങളുടെ സാമന്തന്മാരായി കണക്കാക്കി തുടരാൻ അനുവദിച്ചു. അവർക്ക് സ്വയംഭരണം നൽകി. അവരുടെ ഭരണകാര്യങ്ങളിലും പിന്തുടർച്ചയിലും ഗുപ്തരാജാക്കന്മാർ ഇടപെട്ടിരുന്നില്ല. എന്നാൽ നേരിട്ടുഭരിച്ച പ്രദേശങ്ങളിൽ വിപുലമായ ഭരണസംവിധാനം ഇവർ വികസിപ്പിച്ചു.

ഗുപ്തകാലത്തെ ഭരണസംവിധാനവും മൗര്യകാലത്തെ ഭരണസംവിധാനവും തമ്മിൽ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.

## പ്രശസ്തികൾ

പുരാതനകാലത്തെ ഇന്ത്യൻ രാജാക്കന്മാർ അവരുടെ നേട്ടങ്ങൾ ഘോഷിക്കാനായി കല്ലിൽ കൊത്തിവച്ച ലിഖിതങ്ങളാണ് പ്രശസ്തികൾ. അറിയപ്പെട്ടതിൽ ഏറ്റവും ആദ്യത്തേത് സി.ഇ. രണ്ടാം നൂറ്റാണ്ടിൽ കൊത്തിവയ്ക്കപ്പെട്ട രുദ്രദാമന്റെ ജുനഗഡ് പ്രശസ്തിയാണ്. അശോക ചക്രവർത്തിയുടെ ജുനഗഡ് ശാസനത്തിന്റെ ഒരു ഭാഗത്തായാണ് ഈ പ്രശസ്തി കൊത്തിവച്ചിരിക്കുന്നത്. രാജാവിനെ പ്രശംസിക്കുക, അദ്ദേഹത്തിന്റെ യുദ്ധനേട്ടങ്ങളെ പ്രകീർത്തിക്കുക, തുടങ്ങിയവയായിരുന്നു പ്രശസ്തികളുടെ പ്രത്യേകതകൾ. പ്രശസ്തി എഴുതുന്ന രീതി പുതിയരൂപത്തിൽ ദക്ഷിണേന്ത്യയിലെ ചോള, രാഷ്ട്രകൂട, ചാലൂക്യ, പല്ലവ രാജാക്കന്മാരും പിന്തുടർന്നിരുന്നു. അതിശയോക്തി ഉണ്ടാകുമെങ്കിലും ഒരു ഭരണകർത്താവിനെപറ്റിയുള്ള ചരിത്രരേഖകൾ എന്ന നിലയിൽ ഇവ നമ്മെ സഹായിക്കുന്നു.

## പ്രയാഗ പ്രശസ്തി

ഗുപ്തരാജാവായ സമുദ്രഗുപ്തന്റെ ആക്രമണങ്ങൾ, യുദ്ധവിജയങ്ങൾ, എന്നിവയെ പ്രകീർത്തിച്ചുകൊണ്ട് കൊത്തിവച്ചതാണ് പ്രയാഗ പ്രശസ്തി. ഇത് അലഹബാദ് പ്രശസ്തി എന്നും അറിയപ്പെടുന്നു. സമുദ്രഗുപ്തൻ വടക്ക് നേപ്പാൾ മുതൽ തെക്ക് തമിഴ്നാടിന്റെ പ്രദേശങ്ങൾ വരെ ആക്രമിച്ച് കീഴ്പ്പെടുത്തിയതിനെ ഈ പ്രശസ്തിയിൽ പ്രകീർത്തിക്കുന്നു. ഗുപ്തസദസ്സിലെ രാജകവിയായിരുന്ന ഹരിസേനൻ ആണ് സംസ്കൃത ഭാഷയിൽ ഈ പ്രശസ്തി എഴുതിയത്.

## കലയും സാഹിത്യവും

ഗുപ്തകാലഘട്ടത്തിലെ സാമൂഹിക-രാഷ്ട്രീയ വികാസങ്ങൾ നമ്മൾ കണ്ടല്ലോ. ഇതിനോട് അനുയോജ്യമായി നിൽക്കുന്ന രീതിയിൽ ഇക്കാലഘട്ടത്തിൽ കലയും സംസ്കൃതസാഹിത്യവും വളർന്നുവന്നു. വാസ്തുശില്പവിദ്യയായിരുന്നു കലാരംഗത്ത് ഏറ്റവും പുരോഗതിപ്രാപിച്ചത്. നിരവധി ക്ഷേത്രങ്ങൾ ഇക്കാലത്ത് നിർമ്മിക്കപ്പെട്ടു. അവയുടെ സവിശേഷതകൾ എന്തൊക്കെയായിരുന്നു എന്ന് നോക്കാം.

**ഘടനാ ക്ഷേത്രങ്ങളുടെ നിർമ്മിതി (Structural Temples)**

- കല്ലും ഇഷ്ടികയും ഉപയോഗിച്ചുള്ള ക്ഷേത്രനിർമ്മിതി
- കൊത്തുപണികൾ


ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് ഗുപ്തകാലഘട്ടത്തിലെ വാസ്തുവിദ്യയുടെ സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.


ദശാവതാര ക്ഷേത്രം, ദേവ്ഗഢ്, ഉത്തർപ്രദേശ്


തിഗാവയിലെ വിഷ്ണുക്ഷേത്രം, മധ്യപ്രദേശ്


നാച്ന-കുതാര പാർവതി ക്ഷേത്രം, പന്നാ, മധ്യപ്രദേശ്

ലോകപ്രശസ്തമായ അജന്തയിലെ (മഹാരാഷ്ട്ര) ഗുഹാചിത്രങ്ങളിൽ ഗുപ്തകാലത്ത് തയ്യാറാക്കപ്പെട്ടവയുമുണ്ട്. രാജകീയജീവിതം, രാജസദസ്സ്, അതിമാനുഷജീവികൾ എന്നിവ ഇവയിൽ ചിത്രീകരണവിഷയമാകുന്നുണ്ട്. അവയിൽ രാമായണ-മഹാഭാരത രംഗങ്ങളും ഇതിവൃത്തങ്ങളാണ്. അനേകനൂറ്റാണ്ടുകളെ അതിജീവിച്ച് ഇന്നും ഭംഗിയായി നിലനിൽക്കുന്ന ഈ ചിത്രങ്ങൾ ഏറെയും തയ്യാറാക്കപ്പെട്ടത് പ്രകൃതിദത്തവർണ്ണങ്ങൾ കൊണ്ടാണ്.



ഗുപ്തഭരണകാലത്തെ ക്ഷേത്രങ്ങളുടെയും ഗുഹാചിത്രങ്ങളുടെയും ഒരു ഡിജിറ്റൽ പതിപ്പ് തയ്യാറാക്കി പ്രദർശിപ്പിക്കുക.

ഗുപ്തഭരണകാലത്ത് സംസ്കൃതസാഹിത്യത്തിന് രാജകീയപ്രോത്സാഹനം ലഭിച്ചു. സംസ്കൃതം ഭരണഭാഷയായിരുന്നു. പാലി പോലെ ജനകീയഭാഷ ഉപയോഗിച്ചിരുന്ന ബുദ്ധമതക്കാർ പോലും സംസ്കൃതത്തിൽ രചനകൾ നടത്തി. രാമായണവും മഹാഭാരതവും മിക്ക പുരാണങ്ങളും ചിട്ടപ്പെടുത്തിയത് (വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്ക് മാറ്റപ്പെട്ടത്) ഇക്കാലത്താണ്.

സംസ്കൃതഭാഷയിൽ നാടകങ്ങൾ, കാവ്യങ്ങൾ, വ്യാകരണം, നിഘണ്ടു തുടങ്ങിയവ ഇക്കാലത്ത് രചിക്കപ്പെട്ടു. ഇവയിൽ പ്രധാനപ്പെട്ട ചിലത് ചുവടെ നൽകുന്നു.

| ഗ്രന്ഥനാമം | ഗ്രന്ഥ കർത്താവ് | സാഹിത്യ വിഭാഗം |
|---|---|---|
| അഭിജ്ഞാനശാകുന്തളം | കാളിദാസൻ | നാടകം |
| കുമാരസംഭവം | കാളിദാസൻ | കാവ്യം |
| മൃച്ഛകടികം | ശൂദ്രകൻ | നാടകം |
| സ്വപ്നവാസവദത്തം | ഭാസൻ | നാടകം |
| ത്രികാണ്ഡി | ഭർതൃഹരി | വ്യാകരണം |
| അമരകോശം | അമരസിംഹൻ | നിഘണ്ടു |

സംസ്കൃതനാടകങ്ങൾ ലോകപ്രസിദ്ധമാണെങ്കിലും അവ അവതരിപ്പിക്കുമ്പോൾ ഉന്നത പുരുഷകഥാപാത്രങ്ങൾ മാത്രമേ സംസ്കൃതഭാഷ സംസാരിച്ചിരുന്നുള്ളൂ. രാജ്ഞിയടക്കമുള്ള സ്ത്രീകളും താഴ്ന്നതായി കണക്കാക്കപ്പെട്ട ജാതികളിലെ പുരുഷകഥാപാത്രങ്ങളും പ്രാകൃത് ഭാഷ പറയണമായിരുന്നു.

ഇന്ത്യൻ തത്വചിന്തയ്ക്ക് അടിസ്ഥാനമിട്ട ചില ദർശനങ്ങളും ഈ കാലഘട്ടത്തിൽ ഉയർന്നുവന്നു. ഷഡ്ദർശനങ്ങൾ (Six Systems of Philosophy) എന്ന് അറിയപ്പെട്ട ഇവ പരസ്പര സംവാദങ്ങളിലൂടെയാണ് രൂപപ്പെട്ടുവന്നത്. ആ ദർശനങ്ങളെയും അവയുടെ വക്താക്കളെയും നമുക്ക് പരിചയപ്പെടാം.

| ദർശനം | വക്താവ് |
|---|---|
| സാംഖ്യ | കപിലൻ |
| യോഗ | പതഞ്ജലി |
| ന്യായ | ഗൗതമൻ |
| വൈശേഷിക | കണാദൻ |
| വേദാന്ത | ബാദരായണ |
| മീമാംസ | ജൈമിനി |

## ശാസ്ത്രം

ഗുപ്തകാലത്ത് ശാസ്ത്രഗ്രന്ഥങ്ങളും രചിക്കപ്പെട്ടിരുന്നു. ഇവ പ്രധാനമായും ജ്യോതിശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം എന്നീ മേഖലകളിലായിരുന്നു. വരാഹമിഹിരന്റെ ബൃഹത്സംഹിതയും ആര്യഭടന്റെ ആര്യഭടീയവും അമരസിംഹന്റെ അമരകോശവും ഇക്കാലത്ത് രചിക്കപ്പെട്ട പ്രധാന ശാസ്ത്രഗ്രന്ഥങ്ങളാണ്.

### ലോഹസംസ്കരണം

സി.ഇ. നാലാം നൂറ്റാണ്ടിൽ നിർമ്മിച്ച ഡൽഹിക്കടുത്ത് മഹ്‌റൗളിയിൽ നിൽക്കുന്ന ഇരുമ്പുസ്തംഭം അക്കാലത്തെ ലോഹസംസ്കരണ സാങ്കേതികവിദ്യക്ക് ഉദാഹരണമാണ്. നൂറ്റാണ്ടുകളായി മഴയും വെയിലുമേറ്റ് നിൽക്കുന്ന ഈ ഇരുമ്പുസ്തംഭം ഇപ്പോഴും തുരുമ്പിക്കാതെ നിലനിൽക്കുന്നു.





ഗുപ്തകാലഘട്ടത്തിലെ ശാസ്ത്രരംഗത്തെ സംഭാവനകൾ വിലയിരുത്തുക.

## ദക്ഷിണേന്ത്യയിലേക്ക്

ഗുപ്തരാജാക്കന്മാർ ബ്രാഹ്മണർക്ക് ഭൂമിദാനം നൽകിയതിനെക്കുറിച്ചു മുമ്പ് ചർച്ചചെയ്തുവല്ലോ. സി.ഇ. ആറാം നൂറ്റാണ്ടോടെ ഭൂമിദാനം ചെയ്യുന്ന പതിവ് ദക്ഷിണേന്ത്യയിലേക്ക് വ്യാപിച്ചു. ഇതിനുകാരണം ഉത്തരേന്ത്യയിൽ നിന്നും ദക്ഷിണേന്ത്യയിലേക്കുള്ള ബ്രാഹ്മണരുടെ കുടിയേറ്റമാണ്. പല്ലവരും പാണ്ഡ്യരുമായിരുന്നു ഇക്കാലത്ത് ദക്ഷിണേന്ത്യയിലെ പ്രധാന രാജവംശങ്ങൾ. അവർ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും ഭൂമി ദാനംചെയ്തു. ഇതിന്റെ ഫലമായി ദക്ഷിണേന്ത്യയിലെ സമൂഹത്തിലും സമ്പദ്‌വ്യവസ്ഥയിലും ബ്രാഹ്മണർക്ക് ഉയർന്നസ്ഥാനം ലഭിച്ചു. ബ്രാഹ്മണർക്ക് ഭൂമിദാനം ചെയ്തത് ഈ പ്രദേശങ്ങളിൽ കൃഷി വികസിക്കുന്നതിന് കാരണമായി. മുമ്പ് സൂചിപ്പിച്ചിരുന്നപോലെ, ബ്രാഹ്മണർക്ക് കൃഷിയുടെ സാങ്കേതികവിദ്യയെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചുമുണ്ടായിരുന്ന അറിവ് കൃഷിയുടെ വ്യാപനത്തിന് സഹായകമായി. രാജാക്കന്മാരും ഗ്രാമഭരണകൂടങ്ങളും ജലസംഭരണികൾ നിർമ്മിച്ചും ജലസേചനസംവിധാനം ഒരുക്കിയും കൃഷിയെ പ്രോത്സാഹിപ്പിച്ചു.

ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്ന ക്ഷേത്രങ്ങളുടെ ഇടപെടലിന്റെ ഫലമായി പല്ലവരാജ്യത്ത് കാർഷികപുരോഗതിയുണ്ടായി. കൃഷിയിലെ ഉൽപാദനമിച്ചം വ്യാപാരത്തിന്റെ പുരോഗതിക്കു കാരണമായി. ആഭ്യന്തര വ്യാപാരത്തിനൊടൊപ്പം സമുദ്രവ്യാപാരവും വളർന്നു. മഹാബലിപുരം പല്ലവരുടെ തിരക്കേറിയ തുറമുഖമായിരുന്നു. നാഗപട്ടണമായിരുന്നു മറ്റൊരു തുറമുഖം. പാണ്ഡ്യരാജ്യത്തെ വ്യാപാരത്തിന്റെ സവിശേഷതയായിരുന്നു വണികസമൂഹങ്ങൾ. ഉത്തരേന്ത്യയിൽ ശ്രേണികൾ എന്നറിയപ്പെട്ട കച്ചവടകൂട്ടായ്മകൾ ദക്ഷിണേന്ത്യയിൽ വണികസമൂഹങ്ങളെന്ന് അറിയപ്പെട്ടു. ഓരോ ഉൽപന്നത്തിന്റെയും വ്യാപാരത്തിൽ ഓരോ വണികസംഘം ശ്രദ്ധ കേന്ദ്രീകരിച്ചു.

'നഗരത്താർ'മാർ വ്യാപാരികളായിരുന്നു. കുരുമുളക്, ചന്ദനം, സ്വർണ്ണം, മുത്ത് എന്നിവയായിരുന്നു പാണ്ഡ്യരുടെ പ്രധാന കയറ്റുമതിയിനങ്ങൾ. കോർകൈ, കായൽ പട്ടണം, പെരിയപട്ടണം മുതലായ തുറമുഖങ്ങൾ വഴി റോമൻ, ഗ്രീക്ക്, ചൈനീസ്, അറബി വ്യാപാരികളുമായി പാണ്ഡ്യർ കച്ചവടം നടത്തിപ്പോന്നു. കൃഷിയുടെ വ്യാപനവും വ്യാപാരവളർച്ചയും വ്യത്യസ്ത തൊഴിലുകളും പല്ലവ - പാണ്ഡ്യ രാജ്യങ്ങൾക്ക് നികുതിമാർഗങ്ങളായി മാറി. ഭൂനികുതിയായിരുന്നു പ്രധാനം. ഇത് വിളവിന്റെ $\frac{1}{10}$ മുതൽ $\frac{1}{6}$ വരെ നൽകണമായിരുന്നു. വ്യത്യസ്ത തൊഴിലുകൾ ചെയ്യുന്നവർ നികുതി അടയ്ക്കണമായിരുന്നു. ക്ഷേത്രത്തിനു ദാനംചെയ്യപ്പെട്ട ബ്രഹ്മദേയം, ബ്രാഹ്മണർ താമസമാക്കിയ അഗ്രഹാരം എന്നിവക്ക് ഭൂനികുതി ഒഴിവാക്കിയിരുന്നു.

**ബ്രഹ്മസ്വം അഥവാ ബ്രഹ്മദേയം**

ഒരുകൂട്ടം ബ്രാഹ്മണർക്ക് ദാനമായി നൽക്കുന്ന ഭൂമിയെ ബ്രഹ്മദേയം എന്നു വിളിക്കുന്നു

**അഗ്രഹാരം**

ബ്രാഹ്മണഗ്രാമങ്ങൾ അഗ്രഹാരങ്ങൾ എന്നറിയപ്പെട്ടു.

**ദേവസ്വം അഥവാ ദേവദാനം**

ദേവന് അഥവാ ക്ഷേത്രത്തിന് ദാനം ചെയ്യപ്പെട്ട ഭൂമി ദേവദാനം എന്ന് വിളിക്കപ്പെട്ടു. ക്ഷേത്രം നടത്തിപ്പുകാരാണ് ഈ ഭൂമിയും നോക്കി നടത്തിയിരുന്നത്.

ദക്ഷിണേന്ത്യയിലേക്കുള്ള ഭൂമിദാനത്തിന്റെ വ്യാപനം ഇവിടത്തെ സാമ്പത്തികരംഗത്ത് വരുത്തിയ മാറ്റങ്ങൾ ചർച്ചചെയ്യുക.

ഇനി നമുക്ക് ദക്ഷിണേന്ത്യയിലെ സാമൂഹിക-സാംസ്കാരിക ജീവിതത്തെപ്പറ്റി ചർച്ചചെയ്യാം.

പല്ലവ-പാണ്ഡ്യ പ്രദേശങ്ങളിലെ സമൂഹം ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായിരുന്നു. 'ബ്രഹ്മദേയങ്ങൾ' എന്നപേരിൽ ധാരാളമായി ഭൂമിദാനം ലഭിച്ച ബ്രാഹ്മണർ സമ്പന്നരും സമൂഹത്തിൽ ഉന്നതസ്ഥാനമുള്ളവരുമായിരുന്നു.

കീഴ്ജാതികളായി കണക്കാക്കപ്പെട്ടവർ പല അവശതകളും അനുഭവിച്ചിരുന്നു. വർണ്ണവ്യവസ്ഥയ്ക്ക് പുറത്തുള്ള വിഭാഗങ്ങളുമുണ്ടായിരുന്നു.

പല്ലവ-പാണ്ഡ്യ ദേശങ്ങളിൽ ഗ്രാമ സ്വയംഭരണം നിലനിന്നിരുന്നു. ഗ്രാമക്കോടതികളുമുണ്ടായിരുന്നു. വിദ്യാഭ്യാസം, നീതിന്യായം എന്നിവ നടപ്പാക്കലും ഒരുമിച്ചുകൂടി ചർച്ചചെയ്ത് തർക്കങ്ങൾ തീർപ്പാക്കലും ഉണ്ടായിരുന്നു. ഇവയിലൊന്നും തന്നെ രാജാക്കന്മാർ ഇടപെട്ടിരുന്നില്ല. ആചാരങ്ങൾ, ആരാധനാക്രമങ്ങൾ, ജാതിനിയമങ്ങൾ ഇവയിലും രാജാക്കന്മാർ കൈകടത്തിയിരുന്നില്ല.

നിങ്ങൾ മുൻ പാഠഭാഗത്ത് പരിചയപ്പെട്ട ജൈനമതവും ബുദ്ധമതവും പല്ലവരുടെ കാലത്തിനുമുമ്പ് ദക്ഷിണേന്ത്യയിൽ വളരെ സജീവമായിരുന്നു. എന്നാൽ ബ്രാഹ്മണരുടെ അധികാരം വളർന്നതോടെ ഈ മതങ്ങൾ ക്ഷയിച്ചു. പല്ലവരും പാണ്ഡ്യരും ശൈവ-വൈഷ്ണവ ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ഭക്തി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ബ്രാഹ്മണമതത്തിന്റെയും ഭക്തിയുടെയും ആശയങ്ങളാണ് അക്കാലത്തെ ദക്ഷിണേന്ത്യൻസാഹിത്യത്തിൽ പ്രതിഫലിച്ചത്. പല്ലവർ സംസ്കൃതസാഹിത്യത്തെ പ്രോത്സാഹിപ്പിച്ചു. പല്ലവരാജാവായ മഹേന്ദ്രവർമ്മൻ ഒന്നാമൻ സംസ്കൃത പണ്ഡിതനായിരുന്നു. 'മത്തവിലാസപ്രഹസനം' അദ്ദേഹം രചിച്ച കൃതിയാണ്.

ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ അക്കാലത്തെ ജനജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. ക്ഷേത്രങ്ങൾ അക്കാലത്തെ പ്രധാന കലാനിർമ്മിതികളായിരുന്നു. കാഞ്ചീപുരം, മഹാബലിപുരം, മധുര എന്നിവിടങ്ങളിലാണ് അക്കാലത്തെ പ്രധാന ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത്. 'ദ്രാവിഡശൈലി' എന്ന ദക്ഷിണേന്ത്യൻ ക്ഷേത്രനിർമ്മാണശൈലി പല്ലവരുടെ കാലത്താണ് രൂപപ്പെട്ടത്. കാലക്രമേണ ക്ഷേത്രനിർമ്മാണം മൂന്നുഘട്ടങ്ങളിലായി വികാസം പ്രാപിച്ചു. അവ ചുവടെ നൽകിയിരിക്കുന്നു


- പാറവെട്ടി നിർമ്മിച്ച ക്ഷേത്രങ്ങൾ
- ഒറ്റക്കല്ലിൽ തീർത്ത രഥക്ഷേത്രങ്ങൾ
- ഘടനാ ക്ഷേത്രങ്ങൾ



മാമണ്ടൂർ ഗുഹാക്ഷേത്രം (കാഞ്ചിപുരം)



മഹാബലിപുരത്തെ രഥക്ഷേത്രം



മധുര മീനാക്ഷി ക്ഷേത്രം

## ദ്രാവിഡ വാസ്തുശില്പകല

ക്ഷേത്രനിർമ്മാണം ഇന്ത്യയിൽ പുരാതനകാലംതൊട്ടേ നിലനിന്നിരുന്നു. ക്ഷേത്രവാസ്തു ശില്പകല മൂന്നു തരത്തിലായിരുന്നു. 'നഗര', 'വാസര' ശൈലികൾ പൊതുവേ ഉത്തരേന്ത്യയിലും 'ദ്രാവിഡ' ശൈലി ദക്ഷിണേന്ത്യയിലും നിലനിന്നു. ഭീമാകാരമായ മണ്ഡപങ്ങൾ ദ്രാവിഡ വാസ്തുശില്പകലയുടെ പ്രധാന സവിശേഷതയാണ്.

പല്ലവരാണ് ദ്രാവിഡ വാസ്തുശില്പകലാ വൈദഗ്ധ്യം ആദ്യം തെളിയിച്ചത്. മഹാബലിപുരത്തെ ക്ഷേത്രങ്ങൾ അവരുടെ വാസ്തുശില്പകലാ വൈദഗ്ധ്യത്തിന്റെ ഉത്തമോദാഹരണങ്ങളാണ്. എന്നാൽ ദ്രാവിഡശൈലിയിൽ ഏറ്റവുമധികം ക്ഷേത്രങ്ങൾ നിർമ്മിച്ചത് ചോളന്മാരാണ്. തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ അക്കാലത്ത് നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങൾ ഇന്നും നിലകൊള്ളുന്നു. മധുര മീനാക്ഷി ക്ഷേത്രം, ശ്രീരംഗം ക്ഷേത്രം തുടങ്ങിയവ പാണ്ഡ്യരുടെ കാലത്തെ പ്രശസ്തമായ നിർമ്മിതികളാണ്.

ദ്രാവിഡ വാസ്തുശില്പകലയിൽ തീർത്ത ക്ഷേത്രങ്ങൾക്ക് പ്രധാനമായും ശ്രീകോവിൽ (ഗർഭഗൃഹം), വിമാനം (ക്ഷേത്രത്തിന്റെ മുകൾഭാഗം), ശിഖരം (വിമാനത്തിന്റെ മുകളറ്റം), മണ്ഡപം, പ്രദക്ഷിണപഥം, എന്നിവയുണ്ടാവും. ഭീമാകാരങ്ങളായ പ്രവേശനകവാടങ്ങൾ, ഉയർന്ന ഗോപുരങ്ങൾ, അലങ്കാരമായി കൊത്തിവച്ച ആനകൾ, കുതിരകൾ, വ്യാളീമുഖങ്ങൾ എന്നിവ ദ്രാവിഡശൈലിയുടെ സവിശേഷതകളാണ്. ഈ ക്ഷേത്രങ്ങളുടെ ചുമരുകളിൽ അസാമാന്യ വൈദഗ്ധ്യത്തോടെ ഇതിഹാസ-പുരാണങ്ങളിലെ കഥകളും കഥാപാത്രങ്ങളും അതിസൂക്ഷ്മമായി കൊത്തിവച്ചിട്ടുണ്ട്.

## മഹാബലിപുരം



ഷോർ ടെമ്പിൾ

ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ ക്ഷേത്രങ്ങളും കല്ലിൽ കൊത്തിയ ചിത്രങ്ങളും കാണാവുന്നത് തമിഴ്നാട്ടിലെ മഹാബലിപുരത്താണ്. മാമല്ലപുരം എന്നുകൂടി അറിയപ്പെടുന്ന മഹാബലിപുരം ബംഗാൾ ഉൾക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു. ഒറ്റക്കല്ലുകളിൽ തീർത്ത, പഞ്ചപാണ്ഡവരെ സൂചിപ്പിക്കുന്ന അഞ്ചു രഥക്ഷേത്രങ്ങളും കടൽതീരത്ത് നിർമ്മിച്ച ഷോർ ടെമ്പിളും (Shore Temple) പല്ലവരുടെ വാസ്തുശില്പകലയുടെ മികച്ച ഉദാഹരണങ്ങളാണ്. പാറയിലെ കൊത്തുപണികളായ 'അർജുന തപസ്സ്', 'മഹിഷാസുരമർദനം' എന്നിവ പല്ലവകലയുടെ മറ്റ് ഉദാഹരണങ്ങളാണ്. യുനെസ്കോ പൈതൃകനഗരമായി മഹാബലിപുരത്തെ അംഗീകരിച്ചിട്ടുണ്ട്.

### തുടർപ്രവർത്തനങ്ങൾ

- ഗുപ്തഭരണകാലത്തെ 'ഭൂമിദാനങ്ങളും പ്രത്യാഘാതങ്ങളും' എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.
- വിവിധ നിർമ്മാണശൈലികൾ പ്രകടമാകുന്ന ക്ഷേത്രങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- ഗുപ്തകാലത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ നടത്തുക